ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത ഖരമാലിന്യ പരിപാലന സംവിധാനം

12 (*492) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(സി) പദ്ധതിക്ക് സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയിൽ നിന്നും സഹായം അനുവദിക്കുന്നുണ്ടോ ;

(ഡി) ഖരമാലിന്യങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥിപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) സ്ഥലം ലഭ്യമാക്കിയിട്ടുള്ളതും പൊതുസ്രോതസ്സുകളിൽ നിന്നും അധികമായി മാലിന്യം ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്ന നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാന്റിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി വരുന്നത്. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഭാഗിക സാമ്പത്തിക സഹായം ശുചിത്വമിഷൻവഴി ലഭ്യമാക്കി വരുന്നു. മൂലധന ചെലവിന്റെ 50 ശതമാനമോ പരമാവധി 7.50 ലക്ഷം രൂപയോ സാമ്പത്തിക സഹായമായി ശുചിത്വമിഷൻ വഴി ലഭ്യമാക്കിവരുന്നു.

(ബി) കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനായി സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് 54 ഗ്രാമപഞ്ചായത്തുകളാണ്. ഈ 54 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഫണ്ടിന്റെ 10 ശതമാനം വരുന്ന തുക ഖര-ദ്രവ പരിപാലനപദ്ധതികൾ നടപ്പിലാക്കാനായി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഖരമാലിന്യ പ്രശ്നം രൂക്ഷമായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനായി ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനമോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വം യജ്ഞം ഫണ്ടിൽ നിന്നും നൽകിവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി വേണ്ടിവരുന്ന തുകയുടെ 50 ശതമാനമോ, പരമാവധി 7.50 ലക്ഷം രൂപയോ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഭാഗിക സാമ്പത്തിക സഹായമായി ശുചിത്വമിഷൻവഴി ലഭ്യമാക്കിവരുന്നു.

(ഡി) ഉണ്ട്. ഖര മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതിൽ ഒരു സങ്കേതമാണ്. ആയതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിവരുന്നു. ഖരമാലിന്യ പ്രശ്നം കൂടുതലുള്ള പ്രദേശങ്ങളായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനം തുകയോ പരമാവധി 4 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായമായി സമ്പൂർണ്ണ ശുചിത്വ യജ്ഞംവഴി നൽകിവരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി

13 (*493) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾക്ക് മിനിമം കൂലി 200 രൂപയാക്കുന്നതിന് കേരളം ദേശീയ തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ടോ ;

(ബി) എങ്കിൽ കൗൺസിലിന്റെ പ്രതികരണം എന്താണ് ;

(സി) കാർഷിക മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി എത്ര രൂപയാണ് ;

(ഡി) മിനിമം വേതനം നൽകാൻ കഴിയാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിക്ക് ആളെക്കിട്ടാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ ;

(ഇ) എങ്കിൽ ഇത് എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly